# മഹാത്മാഗാന്ധി സർവ്വകലാശാല

## സംഗ്രഹം

15/11/2017, ഉച്ചകഴിഞ്ഞ് 2.30 ന് പ്രൊ വൈസ്-ചാൻസിലറുടെ ചേംബറിൽ കൂടിയ, പുതിയതായി തയ്യാറാക്കിയ വെബ്സൈറ്റിലെ കണ്ടന്റ് പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടിയുള്ള കമ്മറ്റിയുടെ യോഗത്തിന്റെ മിനിറ്റ്സ്-അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

====================================================================

## കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

സ.ഉ.നം 6845/2/സി.എം.എസ്/2017/ഭ.വി പ്രിയദർശിനിഹിൽസ്. തീയതി 18.11.2017

====================================================================

സൂചന : 15/11/2017, ഉച്ചകഴിഞ്ഞ് 2.30 ന് പ്രൊ വൈസ്-ചാൻസിലറുടെ ചേംബറിൽ കൂടിയ, പുതിയതായി തയ്യാറാക്കിയ വെബ്സൈറ്റിലെ കണ്ടന്റ് പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടിയുള്ള കമ്മറ്റിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## ഉത്തരവ്

സൂചന പ്രകാരം പുതിയതായി തയാറാക്കിയ വെബ്സൈറ്റിലെ കണ്ടന്റ് പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനുമായുള്ള കമ്മിറ്റയുടെ യോഗം പ്രൊ വൈസ്-ചാൻസിലറുടെ ചേംബറിൽ ചേരുകയുണ്ടായി . പ്രസ്തുത യോഗം താഴെ പറയുന്ന ശുപാർശകൾ സമർപ്പിച്ചു.

1. പുതിയ വെബ്സൈറ്റിന്റെ ലിങ്ക്, ഐ.ക്യു.എ.സി. യിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഐ.ക്യു.എ.സി. മുഖേന ഫാക്കൽട്ടി അംഗങ്ങൾക്ക് എത്തിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

2. സർവ്വകലാശാലാസൈറ്റിൽ പ്രധാനമായും കുട്ടികളുടേയും സർവ്വകലാശാലയെ സംബന്ധിക്കുന്ന പൊതുവായ ഫോട്ടോകളും ഉൾക്കൊള്ളിക്കേണ്ടതാണ്. ഐ.ക്യു.എ.സി., പി.ആർ.ഒ. എന്നീ സെക്ഷനുകളിൽ നിന്ന് ഫോട്ടോകൾ എടുക്കാവുന്നതാണ്.

3. പഠനവകുപ്പുകളിൽ സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസിനെ സംബന്ധിച്ച സബ്-ഡൊമെയ്ൻ അടിസ്ഥാന മാതൃകയായി സ്വീകരിച്ച് മറ്റു പഠനവകുപ്പുകളും കണ്ടന്റുകൾ പുനഃക്രമീകരിക്കേണ്ടതാണ്.

4. പുതിയ വെബ്സൈറ്റിലെ മുഴുവൻ പേജുകളുടെയും കണ്ടന്റ് പ്രിന്റൗട്ട് എടുത്ത് ഫയലാക്കി വൈസ്-ചാൻസിലറുടെ ഓഫീസിലെത്തിക്കേണ്ടതാണ്. മുഴുവൻ കണ്ടന്റും പ്രൂഫ് നോക്കി ഡിസംബർ 1 ഓടുകൂടി ഫൈനലൈസ് ചെയ്യാൻ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

5. പഠനവകുപ്പുകൾ ഉൾപ്പെടെയുള്ള സബ്-ഡൊമെയ്നുകളുടെ പേജുകൾ പ്രിന്റൗട്ട് എടുത്ത് വൈസ്-ചാൻസിലറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഐ.ക്യു.എ.സി. മുഖേന ബന്ധപ്പെട്ട പഠനവകുപ്പുകൾ കണ്ടന്റ് പരിശോധിക്കേണ്ടതാണ്.

6. കണ്ടന്റ് അംഗീകരിച്ചതിനുശേഷം Aesthetic/Technical കാര്യങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. ജർമ്മൻ, ഹിന്ദി, മലയാളം സബ്-ഡൊമെയ്നുകൾ പ്രധാന സൈറ്റ്, പോസ്റ്റു ചെയ്തതിനു ശേഷം ചെയ്യാവുന്നതാണ്.

7. ജനുവരി മാസത്തിനു മുമ്പായി പുതിയ വെബ് സൈറ്റിലേക്ക് മാറേണ്ടതാണെന്ന് സിസ്റ്റം മാനേജർക്ക് നിർദ്ദേശം നല്കാൻ വൈസ് ചാൻസിലറോട് ശുപാർശ ചെയ്തു

ശുപാർശകൾ ബഹു. വൈസ് -ചാൻസിലർ അംഗീകരിക്കുകയുണ്ടായി

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്
കെ. സുനിൽ ബാബു,
അസിസ്റ്റന്റ് രജിസ്ട്രാർ (നാക്),
രജിസ്ട്രാർക്കു വേണ്ടി.

പകർപ്പ് : -
1) പി. എസ്. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ
2) പി. എ. രജിസ്ട്രാർ/ ഡയറക്ടർ ഐ. ക്യു.എ.സി/ ജെ.ആർ 1 (ഭരണവിഭാഗം)
3) റെക്കോർഡ്സ്/ സിസ്റ്റം മാനേജർ/ഐ.ക്യു.എ.സി
4) എസ്. എഫ്/ എഫ്. സി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

702/2/ സി.എം.എസ് 2016